കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ നടപടികൾക്ക് വിധേയരായ പോലീസുകാർ

29 (1497)ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) ഇവരിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ട്;

(സി) കുറ്റ കൃത്യങ്ങൾ ചെയ്ത എത്ര പോലീസുകാരുടെ കേസുകൾ ഈ ഗവൺമെന്റ് പിൻവലിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറ്റകൃത്യങ്ങൾ ചെയ്ത് ക്രൈം കേസിൽ ഉൾപ്പെട്ടതിന്റെ പേരിൽ 338 പോലീസുകാരെ സസ്പെന്റു ചെയ്തിട്ടുണ്ട്.

(ബി) 235

(സി) കുറ്റകൃത്യം ചെയ്ത പോലീസുകാർക്കെതിരെയുള്ള കേസുകൾ പിൻവലിച്ചിട്ടില്ല.

ഔദ്യോഗിക യാത്രയ്ക്ക് ചെലവായ തുക

30 (1498)ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്, ഐ.എഫ്.എസ്. ഉദ്യോഗസ്ഥന്മാർ 1998-99-ൽ സംസ്ഥാനത്തിന് പുറത്ത് ഔദ്യോഗികാവശ്യത്തിന് പോയ വകയിൽ എത്ര തുക ചെലവായി;

(ബി) വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

കുര്യാർകുറ്റി-കാരാപ്പാറ കേസ്

31 (1499)ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരാപ്പാറ കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. എം.പി. ദിനേശ് എത്ര പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ട്; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ കേസിന്റെ നടത്തിപ്പിലേക്കായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; നിയമന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഇതുവരെ എന്തു തുക സ്പെഷ്യൽ പ്രോസിക്യൂട്ടർക്ക് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly